**പതിനാലാം കേരളനിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1676** **19.01.2021 ൽ മറുപടിയ്ക്ക്**

**തദ്ദേശ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി . എ . അഹമ്മദ് കബീർ | | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്ത് വകുപ്പിൽ സംസ്ഥാനത്ത് എത്ര ഒഴിവുകൾ ഉണ്ട്; തസ്തിക തിരിച്ച് ജില്ല അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | മറുപടി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021 മെയ് 31വരെ ഗ്രാമ പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം തസ്തികയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | ജോയിന്റ് ഡയറക്ടർ - 1<br>ഡെപ്യൂട്ടി ഡയറക്ടർ - 2<br>അസിസ്റ്റന്റ് ഡയറക്ടർ - 1<br>സെക്രട്ടറി / സീനിയർ സൂപ്രണ്ട് - 97<br>അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് - 59<br>യു.ഡി ടൈപ്പിസ്റ്റ് - 1<br>ഹെഡ് ക്ലാർക്ക് - 11<br>അക്കൗണ്ടന്റ് - 12<br>സീനിയർ ക്ലാർക്ക് - 58<br>ക്ലാർക്ക് - 16<br>ഫെയർ കോപ്പി സൂപ്രണ്ട് - 1<br>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് - 1<br>ഓഫീസ് അറ്റൻഡന്റ് - 27<br>ഫുൾടൈം സ്വീപ്പർ - 22<br>ലൈബ്രേറിയൻ - 5<br>ഫുൾടൈം നഴ്സറി ടീച്ചർ - 1<br>പൗണ്ട് കീപ്പർ - 1<br>ഡ്രൈവർ -1<br>ഫുൾ ടൈം ആയ - 1 |
| (സി) | തദ്ദേശ പൊതു സർവ്വീസുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, |

| | | | |
|---|---|---|---|
| | ഇത്തരത്തിൽ ഒരു പൊതു സർവ്വീസ് പ്രഖ്യാപിച്ചതിൽ വകുപ്പുകൾക്ക് ഉണ്ടായ ഗുണഫലങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് കൊണ്ട് സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായത്തിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.<br>കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ത്രിതല ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്കിടയിലും തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച പ്രവർത്തനം ആവശ്യമാണ്. വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പ്രാദേശിക ഭരണത്തിനും, പദ്ധതി നിർവ്വഹണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത ഉദ്യോഗസ്ഥ സംവിധാനം അനിവാര്യമാണ്. ആയത് പൊതുസർവീസ് നിലവിൽ വരുന്നതോടെ സാധ്യമാകുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ അധികാരങ്ങൾ വിനിയോഗിച്ച് നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | ഫലപ്രദമായ നടപടികളും തീരുമാനങ്ങളും സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനായി ജീവനക്കാരുടെ കാര്യക്ഷമവും ആത്മാർത്ഥവുമായ സേവനം അനിവാര്യമാണ്. വിവിധ വകുപ്പുകളിലെ വ്യത്യസ്ത സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുന്ന ജീവനക്കാരിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പിൽ വരുന്നത്. അപ്രകാരമുള്ളവരെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പിന് കീഴിൽ ഒറ്റ സ്പെഷ്യൽ റൂളിനു കീഴിൽ കൊണ്ടു വരുന്നത് വഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. |
| (ഡി) | പൊതുസർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റി ഫലപ്രദമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഡി) | പൊതുസർവ്വീസ് കരട് ചട്ടങ്ങളിന്മേൽ വകുപ്പ് മേധാവികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി 20.09.2019-ലെ സ.ഉ.(സാധാ) നം.2036/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണ-ഗ്രാമീൺ) - ചെയർപേഴ്സൺ, ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചെയർമാൻ - മെമ്പർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ - കൺവീനർ എന്നിവരടങ്ങുന്ന 3 അംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കരട് വിശേഷാൽ ചട്ടങ്ങളിന്മേൽ കില ഡയറക്ടറുമായും, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പ് മേധാവികളുമായും ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും സർക്കാർ |

| | | | |
|---|---|---|---|
| | | | വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് കൊണ്ട് സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. |

Dumjahl

**സെക്ഷൻ ഓഫീസർ**

| Name of District | Senior Superintendent/Secretary | Junior Superintendent/Assistant Secretary | Head Clerk | Accountant | Senior Clerk | Clerk | Office Attendant | Driver | Sanitery Inspector | Librarian | Full Time Sweeper |
|---|---|---|---|---|---|---|---|---|---|---|---|
| **Thiruvananthapuram** | 0 | 0 | 0 | 0 | 0 | 13 | 10 | 1 | 0 | 0 | 16 |
| **Kollam** | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **Pathanamthitta** | 0 | 0 | 0 | 0 | 0 | 2 | 6 | 1 | 2 | 1 | 1 |
| **Alappuzha** | 0 | 0 | 0 | 0 | 4 | 4 | 0 | 0 | 0 | 0 | 4 |
| **Kottayam** | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **Idukki** | 0 | 0 | 0 | 0 | 1 | 7 | 4 | 0 | 0 | 0 | 0 |
| **Ernakulam** | 3 | 0 | 0 | 0 | 0 | 6 | 7 | 0 | 0 | 0 | 0 |
| **Thrissur** | 2 | 0 | 0 | 0 | 0 | 2 | 6 | 0 | 0 | 0 | 18 |
| **Palakkad** | 0 | 0 | 0 | 0 | 1 | 5 | 8 | 0 | 0 | 0 | 0 |
| **Malappuram** | 0 | 0 | 0 | 0 | 6 | 7 | 0 | 0 | 0 | 0 | 0 |
| **Kozhikode** | 0 | 0 | 0 | 0 | 0 | 3 | 7 | 3 | 0 | 0 | 0 |
| **Wayanadu** | 0 | 0 | 0 | 0 | 3 | 3 | 0 | 1 | 0 | 0 | 0 |
| **Kannur** | 0 | 0 | 0 | 0 | 1 | 10 | 8 | 3 | 0 | 0 | 0 |
| **Kasaragod** | 1 | 0 | 0 | 0 | 1 | 22 | 0 | 0 | 0 | 0 | 0 |
| **TOTAL** | 6 | 0 | 0 | 0 | 17 | 84 | 56 | 9 | 2 | 1 | 39 |